# കർത്താവിങ്കലേക്കു തിരിയുക

സീറോമലബാർ കുർബാനയിൽ, ഈശോയുടെ മനുഷ്യാവതാരവും പരസ്യജീവിതവും അനുസ്മരിക്കുന്ന വചനശുശ്രൂഷയിൽ കാർമികൻ ജനാഭിമുഖമായാണ് നില്ക്കുന്നത്. ഇത് ദൈവ ശാസ്ത്രപരമായി അർഥമുള്ളതാണ്. അവതരിച്ച വചനമായ മിശിഹാ തന്റെ ശുശ്രൂഷ നിർവഹിച്ചത് ജനങ്ങൾക്കിടയിലാണ് (യോഹ 1:14). പരസ്യജീവിതകാലത്ത് അവിടന്ന് അവരെ പഠിപ്പിച്ചുകൊണ്ട് ജനങ്ങളോടൊപ്പമായിരുന്നു. ഹൈക്കലയിൽ സ്ഥാപിച്ചിരിക്കുന്ന ബേമ്മയിൽ ആയിരുന്നുകൊണ്ട് കാർമികൻ വചനശുശ്രൂഷ നടത്തുന്നത് വചനം പഠിപ്പിച്ചുകൊണ്ട് ജനങ്ങളോടൊപ്പമായിരുന്ന മിശിഹായെ അനുസ്മരിപ്പിക്കുന്നു. എന്നാൽ, കൂദാശഭാഗം (അനാഫൊറ) മുതൽ പരിശുദ്ധകുർബാനസ്വീകരണംവരെയുള്ള ഭാഗത്തു കാർമികൻ മദ്ബഹായിൽ ബലിപീഠത്തിനഭിമുഖമായി നില്ക്കുന്നത് സ്വർഗോന്മുഖമായ ആരാധനയേയും, ദൈവപിതാവിന്റെ പക്കലേക്കുള്ള മിശിഹായുടെ എന്നന്നേയ്ക്കുമായുള്ള ഏകബലിയർപ്പണത്തേയും മഹത്വപൂർണനായ മിശിഹായുടെ വരവ് പ്രതീക്ഷിച്ച് കിഴക്കോട്ടുതിരിഞ്ഞ് പ്രത്യാശയോടെ പ്രാർഥിക്കുന്ന സഭാസമൂഹത്തേയും സൂചിപ്പിക്കുന്നു.

കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർഥിക്കുകയെന്നത് എല്ലാ ക്രിസ്തീയ ദൈവാരാധനയുടെയും പാരമ്പര്യവും സവിശേഷതയുമാണ്.[1] കിഴക്കിന് അഭിമുഖമായി ദൈവാരാധന നടത്തുകയെന്നത് പൗരസ്ത്യസുറിയാനിസഭയിലെയും പുരാതനപാരമ്പര്യമാണ്.[2] മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഡിഡാസ്കാലിയ കിഴക്കോട്ടുതിരിഞ്ഞുള്ള പ്രാർഥനയെ സൂചിപ്പിച്ചുകൊണ്ട് എഴുതിയിരിക്കുന്നു: സ്വർഗങ്ങളുടെ സ്വർഗത്തിലൂടെ കിഴക്കോട്ടു സഞ്ചരിക്കുന്ന ദൈവത്തെ സ്തുതിക്കുക എന്നെഴുതപ്പെട്ടിരിക്കുന്നതിനാൽ തീർച്ചയായും നീ കിഴക്കോട്ടു തിരിഞ്ഞു പ്രാർഥിക്കണം''.[3] ദൈവാലയം കിഴക്കോട്ടു ദർശനമായി പണിയണമെന്നും ബലിപീഠം ദൈവാലയത്തിന്റെ കിഴക്ക്വശത്തായിരിക്കണമെന്നും പ്രസിദ്ധ ആരാധനക്രമപണ്ഡിതനായ ലൂയി ബൂയേർ നിർദേശിക്കുന്നു[4].

കിഴക്കിന് അഭിമുഖമായി പ്രാർഥിക്കുന്നതിനും ബലിയർപ്പിക്കുന്നതിനും ഉപോത്ബലകമായ പ്രപഞ്ചശാസ്ത്രപരവും ക്രിസ്തുവിജ്ഞാനീയപരവും യുഗാന്ത്യോന്മുഖപരവുമായ പല കാരണങ്ങളും സൂചനകളും ബൈബിളിലും സഭാപാരമ്പര്യത്തിലും, സീറോമലബാർ കുർബാനക്രമത്തിലും നമുക്കു കാണാൻ കഴിയും.

1. താൻ രൂപം കൊടുത്ത മനുഷ്യനെ പാർപ്പിക്കാനായി ദൈവം ഒരു തോട്ടമുണ്ടാക്കിയത് കിഴക്കൻദിക്കിലെ ഏദനിലായിരുന്നു (ഉത്പ 2: 8). അതിന്റെ വാതിലും ആ ദിക്കിൽതന്നെയായിരുന്നു (ഉത്പ 3: 24). മനുഷ്യന്റെ പതനത്തോടെ നഷ്ടപ്പെട്ട ആ പറുദീസ വീണ്ടെടുക്കാനുള്ള അഭിവാഞ്ചയിൽ പുരാതനമായ ജന്മദേശത്തെ അന്വേഷിച്ചും അങ്ങോട്ടു തിരിഞ്ഞും നാം ദൈവത്തിന് ആരാധനയർപ്പിക്കുന്നു.
2. മൂശെയുടെ കൂടാരത്തിന്റെ വിരിയും കൃപാസനവും കിഴക്കിനഭിമുഖമായിരുന്നു. യൂദായുടെ ഗോത്രം കിഴക്കുദിക്കിലാണു കൂടാരമടിച്ചത് (സംഖ്യ 2: 3). സോളമന്റെ ദൈവാലയത്തിലും കർത്താവിന്റെ പടിവാതിൽ കിഴക്കുവശത്തായിരുന്നു. കിഴക്കോട്ടു ദർശനമായി നില്ക്കുന്ന പടിപ്പുരയിലൂടെ കർത്താവു ദൈവാലയത്തിൽ പ്രവേശിക്കുന്നതായും കർത്താവിന്റെ തേജസ് ദൈവാലയത്തിൽ നിറഞ്ഞുനില്ക്കുന്നതായും എസെക്കിയേൽ പ്രവാചകൻ കണ്ടു (എസെ 44: 1–4). പ്രവാചകനു ലഭിച്ച ദർശനത്തിൽ, ഇസ്രായേലിന്റെ ദൈവത്തിന്റെ മഹത്ത്വം കിഴക്കുനിന്നുമാണു

---

[1]*Pregare Ad Orientem Versus*, Notitiae, Congregation for the Divine Worship and Discipline of the Sacraments, Rome, 1993, 245-249.
[2]*Liturgy and Eastern Code of Canons* (Mal. Trans.), Changanasserry, 1996, 120.
[3]*Didasclia Apostolorum* (Voobus) 131.
[4] L. Bouyer, *Liturgy and Architecture*, 28.

വരുന്നതെന്ന് (എസെ 43: 1, 2) വെളിപ്പെടുത്തപ്പെട്ടു. ക്രോവേമാർ ദൈവാലയത്തിന്റെ കിഴക്കേ വാതില്ക്കലാണു നിന്നിരുന്നത് (എസെ 10: 19). ദൈവാലയഗോപുരത്തിന്റെ ദർശനവും കിഴക്കോട്ടുതന്നെയായിരുന്നു (എസെ 43: 4). ഓരോ കാല്വയ്പിലും വിജയം വരിക്കുന്ന കിഴക്കുനിന്ന് വരുന്നവനെ ഉയർത്തിയത് ആര് (ഏശ 41: 2) എന്നും നാം കാണുന്നു.

3. യഹൂദർ ജറുസലേമിനെ നോക്കിയാണ് പ്രാർഥിച്ചിരുന്നത്. ബാബിലോണിലായിരിക്കെ, ജറുസലേമിനുനേരേയുള്ള ജാലകങ്ങൾ തുറന്ന് ദാനിയേൽ ദൈവത്തോടു പ്രാർഥിച്ചു (ദാനി 6: 10). ദൈവസന്നിധിയിലേക്ക് തിരിഞ്ഞ് പ്രാർഥിക്കുക എന്നത് വിശുദ്ധ ഗ്രന്ഥാധിഷ്ഠിതവും യഹൂദ ആചാരവുമായിരുന്നു. താൽമൂദ് (ബറക്കോത് 30 )പറയുന്നു: പരദേശത്തായിരിക്കുന്ന യഹൂദർ ഇസ്രായേലിലേക്കു തിരിഞ്ഞും ഇസ്രായേലിലായിരിക്കുന്നവർ ജറുസലേമിലേക്കു തിരിഞ്ഞും ജറുസലേമിലായിരിക്കുന്നവർ ദൈവാലയത്തിലേു തിരിഞ്ഞും ദൈവാലയത്തിലായിരിക്കുന്നവർ അതിവിശുദ്ധ സ്ഥലത്തേയ്ക്കു തിരിഞ്ഞും പ്രാർഥിക്കുന്നു.

4. ഈശോയുടെ തിരുപ്പിറവിയുടെ സമയത്ത് കിഴക്കൻ ദിക്കിലാണ് നക്ഷത്രം കാണപ്പെട്ടത്. ജറുസലേമിനു കിഴക്കു ബഥനിയായിലേക്കാണ് സ്വർഗാരോപണത്തിന് മുമ്പ് മിശിഹാ ശിഷ്യൻമാരെ കൂട്ടികൊണ്ടു പോയത്. മിശിഹായുടെ വരവ് കിഴക്കുനിന്നു പ്രതീക്ഷിച്ചുകൊണ്ടാണ് യഹൂദരും പിന്നീടു ക്രിസ്ത്യാനികളും ജറുസലേമിനു കിഴക്കു ജോസഫാത്ത് താഴ്വാരത്ത് മരിച്ചവരെ അടക്കിയിരുന്നുത്.

5. പ്രഭാപൂർണനായ പ്രഭാതനക്ഷത്രം എന്ന മിശിഹായെക്കുറിച്ചുള്ള വിശേഷണവും (സംഖ്യ 24:17; 2 പത്രോ 1: 19; വെളി 2: 28; 22: 16) പ്രഭാതം പൊട്ടിവിരിയുന്ന ദിക്കായ കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർഥിക്കാൻ പ്രചോദനമായി വർത്തിക്കുന്നു. ദൈവം പ്രകാശമായതുകൊണ്ടും (1 യോഹ 1:5) വിശുദ്ധലിഖിതത്തിൽ മിശിഹായെ നീതിസൂര്യനെന്നും (മലാ 4: 2) പൗരസ്ത്യനെന്നും (സഖ 3:8) വിളിക്കുന്നതുകൊണ്ടും കിഴക്കിനഭിമുഖമായി അവന് ആരാധനയർപ്പിക്കുന്നത് ഉചിതമാണ്. ജീവജാലങ്ങളുടെ നിലനില്പിന് അത്യാവശ്യമായ പ്രകാശത്തിന്റെ ദിക്കെന്ന നിലയിൽ കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർഥിക്കുന്നത് ജീവന്റെ ഉറവിടമായ ദൈവത്തിനുള്ള നന്ദിപ്രകാശനത്തിലും സ്തുതിപ്പിലും പ്രപഞ്ചവും നമ്മോടൊപ്പം പങ്കുചേരുന്നതിനെ സൂചിപ്പിക്കുന്നു.[5]

6. കർത്താവിന്റെ ദ്വിതീയാഗമനം കിഴക്കുനിന്നാണെന്ന് ആദിമസഭാംഗങ്ങൾ വിശ്വസിച്ചിരുന്നു. ക്രൈസ്തവർ കിഴക്കുദിക്കിലേക്കു നോക്കി പ്രാർഥിക്കുന്നതുവഴി മിശിഹാ ലോകത്തിന്റെ പ്രകാശമാണെന്ന സത്യം ഏറ്റുപറയുന്നു. കിഴക്കുനിന്നു പടിഞ്ഞാറോട്ടു പായുന്ന മിന്നൽപ്പിണർപോലെ ആയിരിക്കും മനുഷ്യപുത്രന്റെ ആഗമനം (മത്താ 24: 27) എന്ന ദൈവവചനം മിശിഹായുടെ രണ്ടാമാഗമനം കിഴക്കുനിന്നായിരിക്കുമെന്ന ഉറപ്പാണു നമുക്കു നല്കുക. കർത്താവിന്റെ ദ്വിതീയാഗമനം പാർത്തിരിക്കുന്നതുകൊണ്ടാണ്, നാം കിഴക്കോട്ട് അഭിമുഖമായി നിന്നു പ്രാർഥിക്കുന്നത്. ഉത്ഥിതനായ മിശിഹായെ പ്രതീക്ഷിച്ചു കിഴക്കോട്ടു തിരിഞ്ഞു പ്രാർഥിക്കുന്ന പാരമ്പര്യം ശ്ലീഹന്മാരിൽനിന്നു ലഭിച്ചതാണെന്ന് ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. ജോൺ ഡമഷീൻ പ്രസ്താവിക്കുന്നു.[6]

7. ഉദയസൂര്യന്റെ ദിക്കായ കിഴക്കിന് അഭിമുഖമായി ബലിയർപ്പിക്കത്തക്കവിധം പടിഞ്ഞാറോട്ടു ദർശനമായിട്ടാണു പൗരസ്ത്യസഭകളിൽ പുരാതനദൈവാലയങ്ങൾ എല്ലാം നിർമിച്ചിട്ടുള്ളത് (പൗരസ്ത്യസഭകൾ വേണ്ടിയുള്ള ഡയറക്ടറി 1996, നമ്പർ 107). സഭാപാരമ്പര്യത്തിൽ കിഴക്കോട്ടു തിരിയുകയെന്നാൽ കർത്താവിലേക്ക് തിരിയുകയെന്നാണർഥം. ഉദിച്ചുയരുന്ന സൂര്യന്റെ പ്രതീകത്തിൽ മിശിഹായെ ദർശിക്കുകയെന്നത് ക്രിസ്തുവിജ്ഞാനീയത്തിന്റെ സൂചനയാണ്.

8. കിഴക്കോട്ടു തിരിഞ്ഞുനിന്നുള്ള പ്രാർഥന പ്രതീക്ഷയുടെ പ്രാർഥനയാണ്. തീർഥാടകസമൂഹമായ സഭ യുഗാന്ത്യത്തിൽ ആഗതനാകുന്ന മിശിഹായെ പ്രതീക്ഷിച്ചിരിക്കുന്നതിനാൽ പ്രാർഥനകളെല്ലാം കിഴക്കോട്ടു തിരിഞ്ഞാണ് ചൊല്ലിയിരുന്നത്. യഥാർഥആരാധനക്കുള്ള നമ്മുടെ ഒരുക്കത്തിന്റെ അടയാളമായി കിഴക്കോട്ടു തിരിയുന്നതിനെ നാം മനസ്സിലാക്കണം. തങ്ങൾ ഒരുമിച്ച് കർത്താവിലേക്കുള്ള യാത്രയിലാണെന്ന ചിന്തയോടെ ജനവും കാർമികനും കിഴക്കോട്ടുനോക്കി

---

[5] Ratzinger, *Spirit of Liturgy*, 83-64

[6] John Damascene, *An Exposition of the Orthodox Faith*, Book IV, Chapter 12.

പ്രാർഥിക്കണമെന്ന ജെ.എ.യുങ്ങ്മാന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനംവരെ (മത്താ 24:27) തീർഥാടകസമൂഹത്തെ പ്രാർഥനയിലൂടെയും ആരാധനയിലൂടെയും നയിക്കുകയെന്നതാണ് കാർമികന്റെ കടമ.

9. പ്രാർഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം (Lex Orandi, Lex Credendi) എന്ന അടിസ്ഥാനതത്ത്വം നമ്മുടെ സഭ ഉയർത്തിപ്പിടിക്കുന്നു. കുർബാന എന്ന വാക്കിന്റെ സുറിയാനിമൂലമായ ഖാറേബ് എന്ന പദത്തിന്റെ അർഥം തന്നെ അടുത്തുചെല്ലുക എന്നാണ്. ബലിവസ്തുവുമായി പടിപടിയായി ബലിപീഠത്തിന്റെ അടുത്ത് ചെല്ലുന്ന പ്രക്രിയ ആണിത്. ബലിയെയും ബലിപീഠത്തെയും അഭിമുഖീകരിക്കുന്ന ധാരാളം പുരോഹിതപ്രാർഥനകൾ കൂദാശക്രമ (അനാഫൊറ) ഭാഗത്തുണ്ട്. ബലിപീഠാഭിമുഖ്യം നിറഞ്ഞ ധാരാളം പ്രാർത്ഥനകളും കർമാനുഷ്ഠാനങ്ങളും കൂദാശക്രമത്തിൽ കാണാൻ കഴിയും. ഉദാഹരണമായി, ബലിപീഠത്തെ സമീപിക്കാനും ദിവ്യരഹസ്യങ്ങൾ അർപ്പിക്കാനും യോഗ്യനാക്കിയതിനു കാർമികൻ നന്ദിപറയുന്നതാണ് മദ്ബഹപ്രവേശനപ്രാർഥന.

10. കുർബാനയുടെ ആരംഭത്തിൽ ബലിപീഠത്തിൽനിന്ന് ബേമായിലേക്കും, വചനശുശ്രൂഷയ്ക്കുശേഷം തിരിച്ചു ബലിപീഠത്തിലേയ്ക്കും ഉള്ള പ്രദക്ഷിണങ്ങൾ സൂചിപ്പിക്കുന്നത് കുർബാനയുടെ ആദ്യഭാഗം ജനമധ്യത്തിൽ ബേമാ കേന്ദ്രീകരിച്ചും, രണ്ടാം ഭാഗം മദ്ബഹാ കേന്ദ്രീകരിച്ചുമാണെന്നാണ്.

11. ആരാധനാസമൂഹം തിരുസഭയുടെ പരിച്ഛേദമായ ഏക മൗതികശരീരം എന്ന ചിന്തയിൽ ഉള്ള സഭാഗാത്രം എങ്ങോട്ട് നില്ക്കുന്നുവോ അങ്ങോട്ട് തന്നെയാണ് ആ ഗാത്രത്തിന്റെ ശിരസ്സും. സഭാസമൂഹത്തിന്റെ ശിരസ്സാണ്, നാവാണ് പുരോഹിതൻ എന്നെല്ലാം വ്യാഖ്യാതാവായ മാർ നർസായി പറയുന്നുണ്ട്.

12. അജപാലനപരമായും ബോധനപരമായും ഒരു ദിശയിലേക്ക് മാത്രം നോക്കിയുള്ള നിശ്ചലനിലപാടിനെക്കാൾ മെച്ചം ചലനാത്മകനിലപാടാണ്. ജനങ്ങളോടുള്ള ആഹ്വാനം, വായന, പ്രസംഗം, സമാധാനാശംസ, പ്രാർഥനാഭ്യർഥനകൾ, പരിശുദ്ധ കുർബാന എഴുന്നള്ളിച്ചു കൊടുക്കൽ തുടങ്ങിയവയിൽ കാർമികൻ ജനങ്ങളുടെനേരേ തിരിഞ്ഞു നില്ക്കുന്നു. എന്നാൽ ദൈവത്തോട് അഭ്യർഥിക്കുന്ന പ്രാർഥനകൾ, കൂദാശാഭാഗം, ധൂപാർപ്പണം തുടങ്ങിയവയിൽ കാർമികൻ സ്വർഗത്തെ സൂചിപ്പിക്കുന്ന മദ്ബഹായോടു തിരിഞ്ഞു നിൽക്കുന്നു.

13. കുർബാനയുടെ കൂദാശാഭാഗം എങ്കിലും ബലിപീഠത്തിനു തിരിഞ്ഞ് അർപ്പിക്കുമ്പോൾ മറ്റ് പൗരസ്ത്യ കത്തോലിക്കാ, അകത്തോലിക്കാ പൗരസ്ത്യസഭകളുടെ പൊതുപാരമ്പര്യത്തോടു കൂടുതൽ ചേർന്നുനിൽക്കുന്നു.

14. 1996 ലെ പൗരസ്ത്യസഭകൾ വേണ്ടിയുള്ള ഡയറക്ടറി, സീറോ മലബാർ സിനഡ് തീരുമാനങ്ങൾ, അനാഫൊറയുടെ സമയത്ത് കാർമികൻ മദ്ബഹയിലേക്ക് തിരിഞ്ഞുനില്ക്കണമെന്ന പൗരസ്ത്യസഭകൾക്കുവേണ്ടിയുടെ കോൺഗ്രിഗേഷന്റെ 2021 ലെ നിർദേശം, ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം എന്നിവയെല്ലാം കൂദാശഭാഗം (അനാഫൊറ) മുതൽ പരിശുദ്ധകുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗത്തു കാർമികൻ ബലിപീഠത്തിനഭിമുഖമായി നില്ക്കാൻ ഉദ്ബോധിപ്പിക്കുന്നു.

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്
കാക്കനാട്.
15.8.2021